25/DGE/HSE/NSS/2024

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
നാഷണൽ സർവീസ് സ്കീം
( ഹയർ സെക്കന്ററി വിഭാഗം)
ഹൗസിങ് ബോർഡ് ബിൽഡിംഗ്
ശാന്തി നഗർ, തിരുവനന്തപുരം
04712323023
dhsensskerala@gmail.com

തീയതി:02/04/2024

## സർക്കുലർ

വിഷയം: സംസ്ഥാന എൻ.എസ്.എസ്. ഓഫീസിൽ തിരുവനന്തപുരം –KEAM -2024 കമ്പ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷ (CBT) - എൻ.എസ്.എസ്. വോളന്റിയർമാരുടെ സേവനം ലഭ്യമാക്കുന്നത് -സംബന്ധിച്ച്.

സൂചന: 27/02/2024 ലെ സംസ്ഥാന എൻ.എസ്.എസ്. ഓഫീസറുടെ എ1/19/24/എൻ.എസ്.എസ്. നമ്പർ കത്ത്.

2024-25 അധ്യയന വർഷത്തെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേക്കുള്ള കമ്പ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷ KEAM (CBT) 2024 ജൂൺ 1 മുതൽ 9 വരെ നടത്താൻ തീരുമാനിച്ചതായി സൂചന കത്തിൻ പ്രകാരം അറിയിച്ചിട്ടുണ്ട്. ആയതിലേക്കായി വിദ്യാർത്ഥികൾക്ക് തെറ്റ് കൂടാതെ ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനായി എൻ.എസ്.എസ്. വോളന്റിയർമാരുടെ സേവനം സൂചന കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

ആയതിനാൽ ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുവാൻ സന്നദ്ധരായ എൻ.എസ്.എസ്. വോളന്റിയർമാരുടെ പേര് വിവരങ്ങൾ (ഒരു യൂണിറ്റിൽ നിന്നും 5 പേർ) താഴെ തന്നിരിക്കുന്ന ലിങ്കിലുള്ള പ്രൊഫോർമയിൽ നൽകേണ്ടതാണ്. തുടർന്ന് തന്നിരിക്കുന്ന വാട്സ്ആപ് ഗ്രൂപ്പിൽ അംഗമാവുകയും ചെയ്യേണ്ടാതാണ്. ലിസ്റ്റിൽ ഉൾപ്പെട്ട വോളന്റിയർമാർക്ക് KEAM (CBT) അപേക്ഷ സംബന്ധിച്ച പരിശീലനം ഓൺലൈനായി സംസ്ഥാന എൻ.എസ്.എസ്. ഓഫീസിന്റെ നേതൃത്വത്തിൽ നൽകുന്നതാണ്.

എല്ലാ ജില്ലകളിൽ നിന്നും മുഴുവൻ യൂണിറ്റുകളുടെ പ്രാതിനിധ്യവും വോളന്റിയർമാരുടെ രജിസ്ട്രേഷനും റീജിയണൽ/ ജില്ലാ/ ക്ലസ്റ്റർ കൺവീനർമാർ ഉറപ്പാക്കി വിവരം ഒരാഴ്ചയ്ക്കകം RPC മാർ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

Google form Link: https://forms.gle/tqPfk8cTnU6xne6h7

Whats App Link: https://chat.whatsapp.com/Hiak2bhhwnBE7UedLwovpx

പ്രോഗ്രാം കോ- ഓർഡിനേറ്റർ